# പതിനാലാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 116

11.07.2016 ൽ മറുപടിക്ക്

## അടച്ചുപൂട്ടൽ നേരിടുന്ന വിദ്യാലയങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ. പി<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ.റ്റി. ടൈസൺ മാസ്റ്റർ | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് അടച്ചുപൂട്ടൽ നേരിടുന്ന വിദ്യാലയങ്ങളുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ മേഖലയിൽ എത്ര; എയ്ഡഡ് മേഖലയിലെത്ര; | (എ) | ഉണ്ട്; അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സർക്കാർ സ്കൂളുകൾ ഒന്നുംതന്നെ ഇല്ല. എയ്ഡഡ് മേഖലയിൽ 40 സ്കൂളുകൾ അടച്ചുപൂട്ടൽ ഭീഷണി നേരിടു-ന്നുണ്ട്. |
| (ബി) | പ്രസ്തുത വിദ്യാഭ്യാസ സ്ഥാപ-നങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ് തയ്യാറാക്കി യിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | ബഹുമാനപ്പെട്ട ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയ തൃശ്ശൂർ ജില്ലയിലെ കിരാലൂർ പി.എം.എൽ.പി. സ്കൂൾ, മലപ്പുറം ജില്ലയിലെ മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ, കോഴിക്കോട് ജില്ലയിലെ പാലാട്ട് എ.യു.പി. സ്കൂൾ, കോഴിക്കോട് ജില്ലയിലെ മലാപ്പറമ്പ് എ.യു.പി. സ്കൂൾ എന്നീ എയ്ഡഡ് സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (സി) | വിദ്യാലയങ്ങൾ അടച്ചുപൂട്ടുന്നതിന് സാഹചര്യമൊരുക്കുന്ന കോടതി വിധികൾ മറികടക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (സി) | 1958 - ലെ കേരള വിദ്യാഭ്യാസ നിയമത്തിന്റെ സെക്ഷൻ 7(6) ൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സർക്കാരിന്റെ പരിഗണന യിലാണ്. |

സെക്ഷൻ ഓഫീസർ